# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. *450**     **21.10.2016 ൽ മറുപടിയ്ക്ക്**

**തീരദേശങ്ങളിലെ തെങ്ങ് കൃഷി**

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.ആർ.രാമചന്ദ്രൻ**<br>**ശ്രീ.ചിറ്റയം ഗോപകുമാർ**<br>**ശ്രീമതി.ഇ.എസ്.ബിജിമോൾ**<br>**ശ്രീ.വി.ആർ.സുനിൽ കുമാർ** | **ശ്രീ. വി.എസ്.സുനിൽ കുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) തീരദേശസംരക്ഷണ നിയമപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലങ്ങളിൽ തെങ്ങ് ഉൾപ്പെടെയുള്ള ഫലവൃക്ഷങ്ങൾ നിൽക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) തീരദേശ സംരക്ഷണ നിയമപ്രകാരം കുടിയൊഴിപ്പിക്കപ്പെട്ട സ്ഥലങ്ങൾ റവന്യൂ വകുപ്പിന്റെ അധീനതയിലാണ് സംരക്ഷിക്കപ്പെടുന്നത്. പ്രസ്തുത തീരദേശ ഭൂമിയിൽ തെങ്ങുകൾ ഉള്ളതായി കൃഷി വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ഇവയെ സംരക്ഷിക്കുന്നതിന് ഏതെങ്കിലും പദ്ധതി നിലവിലുണ്ടോ; | ബി) തീരദേശ പ്രദേശങ്ങളിൽ വ്യാപകമായി കണ്ടുവരുന്ന തെങ്ങോലപ്പുഴുവിന്റെ ആക്രമണത്തിൽ നിന്നും തെങ്ങുകളെ സംരക്ഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരാദ പ്രാണി പ്രജനന കേന്ദ്രങ്ങളിൽ (പാരാസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ) നിന്നും പരാദ പ്രാണികളെ ഉത്പാദിപ്പിച്ച് തെങ്ങോലകളിലേയ്ക്ക് തെങ്ങോലപ്പുഴുക്കളെ നശിപ്പിക്കുന്നതിനായി വിടുന്ന പദ്ധതി സൗജന്യമായി തന്നെ ഇപ്പോൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്. |
| സി) തെങ്ങ്കൃഷിക്ക് ഏറ്റവും അനുയോജ്യമായ പ്രസ്തുത സ്ഥലങ്ങളിൽ തെങ്ങ് നട്ട് പരിപാലിക്കുന്നതിന് കൃഷിവകുപ്പ് പദ്ധതി രൂപീകരിക്കുമോ? | സി) സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി 2016-17 വർഷം സംസ്ഥാനത്ത് എല്ലാ ജില്ലകളിലും നടപ്പിലാക്കി വരുന്നു. 500 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 30 കേര ഗ്രാമങ്ങൾ 54 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിലായാണ് പദ്ധതി നടപ്പിലാക്കുന്നത്. സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര |

കൃഷി സംരക്ഷണവും , അഭിവൃദ്ധിപ്പെടുത്തലുമാണ് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 4500/- ലക്ഷം രൂപയാണ് ബഡ്ജറ്റിൽ ഈ കൊല്ലം പദ്ധതിയ്ക്കായി നീക്കി വെച്ചിരിക്കുന്നത്. ടി പദ്ധതി ഗുണഭോക്തൃ പങ്കാളിത്തത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

S. K. (signature)

**സെക്ഷൻ ഓഫീസർ**